സന്ദേശനിലയം
ചങ്ങനാശ്ശേരി

# വിശ്വാസോത്സവം – 2024

## സൂപ്പർ സീനിയർ വിഭാഗം

## അധ്യാപകസഹായി

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

## പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

ഈ വർഷത്തെ വിശ്വാസോത്സവവിഷയം കുടുംബ കേന്ദ്രീകൃതമാകയാൽ ഓരോ സൺഡേസ്കൂളുകളും അവരുടെ സാഹചര്യങ്ങൾക്ക് അനുസൃതമായി മാതാപിതാക്കളും കുട്ടികളും ഒന്നിച്ചു വരുന്ന രീതിയിലുള്ള പരിശീലന പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നത് ഉചിതമായിരിക്കും. (ഉദാ: മാതാപിതാക്കളും മക്കളും ഒന്നിച്ചുള്ള വി. കുർബാന, ക്ലാസുകൾ, കുടുംബ അടിസ്ഥാനത്തിലുള്ള കലാപരിപാടികൾ, ക്ലാസ് അടിസ്ഥാനത്തിലുള്ള കുടുംബസമ്മേളനങ്ങൾ, ഇടവകയിലെ ഏറ്റവും സീനിയർ ആയിട്ടുള്ള ദമ്പതികളെ പരിചയപ്പെടുത്തൽ, അവരുടെ പങ്കുവയ്ക്കൽ *etc.*)

വർക്ക്ബുക്കുകളിലെ ചില പ്രവർത്തനങ്ങൾ (ആക്റ്റിവിറ്റി) മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും പങ്കാളിത്തം കൂടെ ആവശ്യമുള്ളതാണ്. അവരുടെ സഹകരണത്തോടെ അത് പൂർത്തിയാക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപകസഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതിഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

മാതാപിതാക്കൾ ഇല്ലാത്തവരും, മാതാപിതാക്കളോടൊപ്പം താമസിക്കാത്തവരുമായ കുട്ടികൾ ക്ലാസുകളിൽ ഉണ്ടെങ്കിൽ അക്കാര്യം പ്രത്യേകം ശ്രദ്ധയോടെ കൈകാര്യം ചെയ്യുക. കുടുംബത്തിലുള്ളവർ ഉൾപ്പെടുന്ന ആക്റ്റിവിറ്റികളിൽ മാതാപിതാക്കൾക്കു പകരമായി അവരെ ഇപ്പോൾ സംരക്ഷിക്കുന്നവരുടെ (Guardians) സഹായം തേടാൻ അത്തരം കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ഒന്നാം ദിവസം
## വിശുദ്ധിയിൽ നിന്ന് ഒരു തുടക്കം

കുടുംബം ദൈവത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത് എന്ന ബോധ്യം നൽകി അതിലൂടെ അതിന്റെ മഹിമയും ഔന്നത്യവും കുടുംബാംഗങ്ങൾ ദൈവീക ബന്ധത്തിൽ ആയിരിക്കേണ്ടതിന്റെ ആവശ്യകതയും കുട്ടികളെ ബോധ്യപ്പെടുത്തുകയാണ് ഒന്നാം ദിന ത്തിന്റെ ലക്ഷ്യം. പേപ്പർ നിർമ്മിക്കുന്നത്: പേപ്പർ കളറിംഗ്-സൈ സിംഗ്- ബീറ്റിംഗ്- റിഫൈനിങ്- ബ്ലീച്ചിംഗ്- വാഷിംഗ്- പൾപ്പ് മേക്കിങ്- ഫ്രം വുഡ്, ബാംബു, ഗ്രാസ് *etc.* ട്രീ ഫ്രം നേച്ചർ- നേച്ചർ ബൈ ഗോഡ്.

**റിസ്റ്റ് വാച്ച് മേക്കിങ്:** ഫോമിങ് ദ കേയ്സ് – കട്ടിംഗ് – മെറ്റൽ ഷീറ്റ് – മെറ്റൽ റിഫൈനിങ്, മെറ്റൽ മൈനിങ് ഫ്രം നേച്ചർ – നേച്ചർ ബൈ ഗോഡ്. ഇത്തരത്തിൽ കുട്ടിയുടെ ജീവിത പാതയുടെ ഉറവി ടത്തിലേക്ക് കുട്ടിയെ നയിക്കുകയാണ് അടുത്ത വർക്കിലൂടെ – പാത യുടെ അവസാനത്തിൽ നിൽക്കുന്ന കുട്ടിയുടെ പിറകിൽ വരുന്ന ബോക്സിൽ കുട്ടിയുടെ പ്രായവും തുടർന്നുവരുന്ന രണ്ട് ബോക് സുകളിൽ മാതാപിതാക്കളുടെ പേരും തുടർന്നുവരുന്ന ഒരു ബോക് സിൽ അവരുടെ വിവാഹം കഴിഞ്ഞ ശേഷമുള്ള വർഷങ്ങളും തുടർന്നുവരുന്ന രണ്ട് ബോക്സിൽ ഗ്രാൻഡ് പേരൻസിന്റെ പേരും (അപ്പന്റയും അമ്മയുടെയും പേരൻസ് ഇവരെ രണ്ട് ബോക്സുക ളിൽ ആയി എഴുതുന്നു' തുടർന്നുവരുന്ന രണ്ട് ബോക്സുകളിൽ രണ്ടു കൂട്ടരുടെയും വിവാഹ വർഷങ്ങളും... അങ്ങനെ തുടരുന്നു. കുട്ടികൾക്ക് ഓർമ്മയുള്ളത് അനുസരിച്ച് അവരുടെ ഗ്രേറ്റ് ഗ്രാൻഡ് പേരൻസിന്റെ പേരുകളും വർഷങ്ങളും ചേർക്കാൻ തക്കതായി ബോ ക്സുകൾ കൂട്ടിച്ചേർക്കാവുന്നതാണ്. അങ്ങനെ അവസാനത്തെ ബോക്സിന് തൊട്ടുമുൻപിലുള്ള രണ്ട് ബോക്സിൽ ആദം – ഹവ്വ എന്നതിലേക്ക് എത്തുന്നു അവരുടെ ബോക്സുകൾക്ക് പിറകിലാ യി 930 എന്ന വർഷം ബോക്സിൽ രേഖപ്പെടുത്തുന്നു അതിൽ നിന്ന് ദൈവത്തിലേക്ക് എത്തുന്നു. 930 വർഷമാണ് ആദവും ഹവ്വയും ഒരുമിച്ച് ജീവിച്ചത്. തുടക്കം ദൈവത്തിൽ നിന്ന് എന്നത് കൂടുതൽ വ്യക്തമാക്കുന്നതിന് വേണ്ടി ഒരു ഗ്രൂപ്പ് ആക്ടിവിറ്റി നൽ കാം: ഓരോ ഗ്രൂപ്പിനും ഒരു ഷേപ്പിലുള്ള പേപ്പർ പലതായി മുറിച്ച്

നൽകുന്നു. ഗ്രൂപ്പ് അതിനെ ഒരുമിച്ച് ചേർത്ത് നിങ്ങൾ നൽകിയ ഷേപ്പിൽ ആക്കണം. പേപ്പറിന്റെ ഒരു വശത്ത് സൂക്ഷിച്ചു നോക്കിയാൽ മാത്രം മനസ്സിലാകുന്ന രീതിയിൽ GOD എന്ന് വലുതായി എഴുതുക. എന്നിട്ട് കുറച്ചു സങ്കീർണമായ ആകൃതിയിൽ പേപ്പർ പലതായികട്ട് ചെയ്ത്, നിങ്ങൾക്ക് മനസ്സിലാകുന്ന കോഡുകൾ ഓരോ കട്ടിംഗിലും എഴുതുക. ആ കോഡ് നിങ്ങളുടെ കൈവശവും ഉണ്ടായിരിക്കണം. അവ പിന്തുടർന്നാൽ പേപ്പറിന്റെ പൊതു ആകൃതിയിലേക്ക് എളുപ്പത്തിൽ എത്താൻ പറ്റുന്ന രീതിയിൽ ആണിത്. പേപ്പർ കട്ടിംഗുകൾ ഗ്രൂപ്പുകൾക്ക് നൽകുക. 4 ഗ്രൂപ്പിനും 4 വ്യത്യസ്തങ്ങളായ പൊതു ഷേപ്പ് ആയിരിക്കണം - മറിച്ചു നോക്കിയാൽ GOD എന്നത് പെട്ടെന്ന് മനസ്സിലാകാത്ത വിധത്തിൽ വേണം വലുതായി എഴുതാൻ. "GOD" ന്റെ വിവിധ ഭാഗങ്ങൾ ചേർക്കാൻ ശ്രമിച്ചാൽ തന്നെ പൊതു ആകൃതിയിലേക്ക് എത്താൻ കഴിയണം. അതിന് ബുദ്ധിമുട്ടുണ്ടായാൽ സഹായിക്കാനാണ് കോഡുകൾ ടീച്ചറിന്റെ കയ്യിലും അവരുടെ പേപ്പർ കട്ടിങ്ങുകളുടെ ഒരു വശത്തും ഉണ്ടാകണം എന്ന് പറഞ്ഞത്.

ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ദൈവത്തെ മുൻനിർത്തി തീരുമാനങ്ങളും പദ്ധതികളും നടപ്പിലാക്കിയാൽ വിജയത്തിലേക്ക് എത്താൻ എളുപ്പമാണെന്ന് അവരെ മനസ്സിലാക്കത്തക്കവിധമാണ് ഈ ആക്ടിവിറ്റി ചെയ്യിക്കുന്നത്. കൈവശമുള്ളവ: അവരുടെ സ്വഭാവ, വ്യക്തിത്വ, ഭൗതിക സവിശേഷതകളാണ് ഇവിടെ എഴുതേണ്ടത്. യഥാർത്ഥത്തിൽ നൽകേണ്ടത്: തന്റെ കുടുംബത്തിലേക്ക് കുട്ടി നൽകേണ്ടവ.

ഈ രണ്ട് കോളങ്ങളും തമ്മിൽ പൊരുത്തപ്പെടാൻ എന്ത് ചെയ്യണം എന്ന ചോദ്യം ഉയരണം.

## എനിക്ക് എന്റെ വഴി മതിയല്ലോ

ലിവിങ് ടുഗതർ, ഹോമോ സെക്ഷ്വാലിറ്റി എന്നിവ ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ദൈവിക പദ്ധതിക്ക് എതിരായുള്ള കാര്യങ്ങളാണ്. സ്നേഹവും മനപ്പൊരുത്തവുമാണ് പ്രധാനം എന്ന് വാദിക്കുന്നവർ ഉണ്ടെങ്കിൽ, ദൈവത്തിന്റെ പദ്ധതി പൂർത്തിയാക്കാനും അവിടുത്തെ ഇഷ്ടം നിറവേറ്റാനും വേണ്ടി തന്നിരിക്കുന്ന ചില ഘടകങ്ങളാണ് അവ എന്നും ദൈവത്തിന്റെ വഴിക്ക് പുറത്ത് അവ ഉപയോഗിക്കപ്പെടുമ്പോൾ ദൈവീക പദ്ധതി

ഉദ്ദേശിക്കുന്ന ഫലം ചൂടില്ല എന്നും ബോധ്യപ്പെടുത്തി കൊടുക്കുക. കാരണം, ഒരു യന്ത്രത്തെ സൃഷ്ടിക്കുന്ന ആൾക്കാണ് അതിന്റെ ഉപയോഗം അറിയാവുന്നത്. എന്നതുപോലെ, എന്നെ കുറിച്ചുള്ള പദ്ധതി മനസ്സിൽ സൂക്ഷിക്കുകയും അതിനനുസൃതം എന്നെ സൃഷ്ടിക്കുകയും വഴി നടത്തുകയും ചെയ്യുന്നത് ദൈവമാണ്. ആത്മരക്ഷ മുന്നിൽകണ്ട് അതിലേക്കാണ് വ്യക്തിയെയും കുടുംബങ്ങളെയും ദൈവം ജനിപ്പിക്കുന്നത്. ആത്മരക്ഷയ്ക്ക് ആവശ്യമായ സഞ്ചാര പാത വിശ്വാസത്തിന്റെയും ആരാധനയുടേതുമാണ്. അതിലൂടെയാണ് ഒരു ക്രൈസ്തവ വിശ്വാസി കുടുംബമായി സഞ്ചരിക്കേണ്ടത്. മത്തായി 12 :43- 45

**ചെയ്യേണ്ടിയിരുന്നത്:** ഹൃദയം ദൈവത്തെക്കൊണ്ട് നിറയ്ക്കാൻ യത്നിക്കണമായിരുന്നു. ദൈവൈക്യ ജീവിതം ആണ് ആവശ്യമായിരുന്നത്. അതിന് വിശ്വാസവും അതിനെ പരിപോഷിപ്പിക്കുന്ന സഭാത്മക ജീവിതവും അത്യാവശ്യമാണ്. ഈ ആക്ടിവിറ്റിയുടെ മറ്റു കോളങ്ങൾ  വചനഭാഗം വായിച്ചു ഗ്രൂപ്പിൽ ചർച്ച ചെയ്ത് കണ്ടെത്തേണ്ടതാണ് ആവശ്യമായ സഹായങ്ങൾ അധ്യാപകർ നൽകുക

## രണ്ടാം ദിവസം

## കുടുംബവും പരസ്പര ബഹുമാനവും

ഉത്തമരായി വളരാൻ നാം ചെയ്യേണ്ടത് മാതാപിതാക്കളെ സന്തോഷപൂർവ്വം അനുസരിക്കുകയാണ്. ഒരുപക്ഷേ അവരുടെ നിർദ്ദേശങ്ങൾ പലപ്പോഴും കുട്ടികളുടെ അഭിപ്രായങ്ങൾക്ക് എതിരായി വരാം. അപ്പോഴാണ് കുട്ടികളുടെ അനുസരണത്തിന്റെ മാറ്റ് ഉരച്ചു നോക്കുവാൻ അവസരം ഉണ്ടാകുക. മനസ്സിന്റെ വിഷമതകളെയും പ്രതിഷേധങ്ങളെയും അവഗണിച്ച് സന്തോഷപുരസരം സന്മനസ്സോടെ അനുസരിക്കണം.  പ്രവർത്തിയിലും വചനത്തിലും പൂർണമായി നിന്റെ പിതാവിനെ ബഹുമാനിക്കുക. ഇതുമൂലം അദ്ദേഹത്തിന്റെ  അനുഗ്രഹം നിന്റെമേൽ ഉണ്ടാകുകയും അനുഗ്രഹം അവസാനം വരെ നിലനിൽക്കുകയും ചെയ്യും. 'പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ സുസ്ഥിരമാകും, എന്നാൽ മാതാവിന്റെ ശാപം അവയുടെ അടിസ്ഥാനം തന്നെ ഉന്മൂലനം ചെയ്യും'.

1. ഓരോ ഗ്രൂപ്പിനും ഓരോ കേസ്സ്റ്റഡി വീതം കൊടുക്കുക.
2. 15-20 മിനിറ്റ് ചർച്ച ചെയ്ത് ഒരു സ്ക്രിപ്റ്റ് തയ്യാറാക്കുക.
3. ഓരോ ഗ്രൂപ്പിനും സ്ക്രിപ്റ്റ് അവതരിപ്പിക്കുവാനുള്ള സമയം 5 മിനിറ്റ്.
4. സ്ക്രിപ്റ്റ് അവതരണം കഴിഞ്ഞാൽ തന്നിരിക്കുന്നു ആക്റ്റീവിറ്റിയെ അധികരിച്ചു 8 മിനിറ്റ് പൊതുചർച്ച.
5. ഓരോ കേസ് സ്റ്റഡിയുടെ അവസാനവും ടീച്ചർ input കൊടുക്കുക.
6. ആറു കേസ്സ്റ്റഡികളും ഇതേ രീതിയിൽ അവതരിപ്പിക്കുക.
7. ഈ അധ്യായത്തിന്റെ ക്രോഡീകരണം.

## Case Study 1

**Activity 1**

Self Evaluation

## Case Study 2

**Activity 2**

a) തനിക്ക് പകരം മറ്റാരെയെങ്കിലും അമ്മയെ പരിചരിക്കാൻ ടീനക്ക് നിർത്താമായിരുന്നു. അപ്പോഴും തന്റെ സ്നേഹം/നന്ദി പ്രകടിപ്പിക്കാൻ ടീന തന്നെ അമ്മയെ പരിചരിക്കേണ്ടതല്ലേ. (Teacher Input : മറ്റാരെയെങ്കിലും ഏർപ്പെടുത്തിയാൽ മതിയെങ്കിൽ അപ്പനെയും അമ്മയെയും വൃദ്ധ സദനത്തിൽ കൊണ്ട് ചെന്നാക്കിയാലും കുഴപ്പമില്ലല്ലോ).

b) Yes, സ്വന്തം കാര്യം മാത്രം നോക്കിപ്പോകുന്ന തലമുറയിൽ മറ്റുള്ളവരെ പരിഗണിക്കുന്ന സ്വഭാവം (ഇത്തരം കുഞ്ഞുങ്ങളും നമുക്ക് ചുറ്റും ഉണ്ട് എന്ന തിരിച്ചറിവ് ഉണ്ടാകുക).

## Case Study 3

**Activity 3**

a) അവന്റെ ആഗ്രഹങ്ങൾ സാധിക്കാതെ വന്നപ്പോൾ
b) തന്നാലാവും വിധം സ്നേഹിക്കും, സഹായിക്കും

## Case Study 4

**Activity 4**

a) മാതാപിതാക്കളെ സ്നേഹിക്കുന്ന ഒരു മക്കളും അവരെ കളിയാക്കില്ല.

b) പൊതു ചർച്ച ചെയ്ത് ക്രോഡീകരിക്കുക

**Case Study 5**

**Activity 5**

ഏത് അവസ്ഥയിലും മാതാപിതാക്കളെ ഉൾക്കൊണ്ടു അവരെ സംരക്ഷിക്കുവാനുള്ള കടമ മക്കൾക്കുണ്ട്. അത് അവരോട് കാണിക്കുന്ന ബഹുമാനം ആണ്.

## Case Study 6

## Activity 6

ഈ പ്രായത്തിലുള്ള കുട്ടികൾക്ക് തന്റെ അപ്പൻ / അമ്മ മറ്റുള്ളവരുടെ മാതാപിതാക്കളുനായി താരതമ്യം ചെയ്യാറുണ്ട്. എന്റെ അപ്പനിൽ / അമ്മയിൽ അഭിമാനമുണ്ടാകണം. കാരണം ഇത് എന്റെ അമ്മയാണ് / അപ്പനാണ്.

**മൂന്നാം ദിവസം**

**കുടുംബവും പ്രാർത്ഥനയും**

ആവശ്യമായ വസ്തുക്കൾ : ബലൂൺ

**ഗെയിം**

നമുക്ക് ഒരു ഗെയിം ആയാലോ ? 4 ഗ്രൂപ്പുകൾ 4 ബലൂൺ പിടിച്ച് വരിയായി നില്ക്കുന്നു. പുറകിലേയ്ക്ക് തിരിയാതെ വീർപ്പിച്ച ബലൂൺ പുറകോട്ട് കൈമാറുന്നു. പുറകിൽ നില്ക്കുന്ന ആൾ ബലൂൺ കൈയ്യിൽ കിട്ടുമ്പോൾ മുന്നിൽ വരുന്നു. എല്ലാവർക്കും മുൻ നിരയിൽ എത്താൻ അവസരം കിട്ടിക്കഴിയുമ്പോൾ ഗെയിം തീരുന്നു.

**ആക്ടിവിറ്റി 3**

പരി. അമ്മ, വി. യൗസേപ്പിതാവ്, ശ്ലീഹന്മാർ, വിശുദ്ധർ...

നിങ്ങളുടെ ഇടവകയിലെ പരിചയത്തിലോ പ്രാർത്ഥനാ അനുഭവമുള്ള വ്യക്തികളെപ്പറ്റി പറയുക.

പ്രാർത്ഥന / വിശ്വാസജീവിതം തലമുറകളിലൂടെ കൈമാറി നമ്മിൽ എത്തുന്നു. അത് അടുത്ത തലമുറയ്ക്ക് അല്പം പോലും നഷ്ടപ്പെടുത്താതെ കൈമാറുക നമ്മുടെ കടമയാണ്.

നമ്മൾ കൈകാര്യം ചെയ്യുന്ന ഈ കേസിൽ കുടുംബപ്രാർത്ഥന / വിശ്വാസജീവിതം കെട്ടടങ്ങി പോയി. മാതാപിതാക്കൾ പ്രാർത്ഥനയ്ക്ക് മാതൃകയായില്ല. പ്രാർത്ഥനയുടെ പരിശീലന കളരി

കുടുംബമാണ്. തലമുറകളെ മാതാപിതാക്കളിൽ നിന്ന് മക്കളിലേയ്ക്കും തുടർന്ന് അടുത്ത തലമുറകളിലേയ്ക്കും കൈമോശം സംഭവിക്കാതെ പകർന്നു നല്കേണ്ടതാണ് പ്രാർത്ഥനയും വിശ്വാസജീവിതവും എന്ന ബോധ്യം ഈ ഗെയിമിലൂടെ കുട്ടിക്ക് നല്കണം. ഗെയിമിൽ ഓരോ കുട്ടിയും മുമ്പിൽ എത്തും. ഓരോരുത്തരുടെ കൈവശവും ബലൂൺ എത്തും. ബലൂൺ കൈവിട്ട് പോകാതെ സൂക്ഷിക്കേണ്ടത് ഗെയിമിന്റെ വിജയത്തിന് ആവശ്യമാണ്. ഇവിടെയും വിശ്വാസവും പ്രാർത്ഥനയും കൈവിട്ടുപോകാതെ സൂക്ഷിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണ്.

## <u>നാലാം ദിവസം</u>
## കുടുംബം ശീലങ്ങളുടെ അച്ച്

ആവശ്യമുള്ള വസ്തുക്കൾ : മൂല്യങ്ങൾ എഴുതിയ കാർഡുകൾ

**ആക്ടിവിറ്റി 1**

കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുന്നു. കുടുംബങ്ങളിൽ ആവശ്യമുള്ള പ്രധാന മൂല്യങ്ങൾ വിവിധ കാർഡുകളിൽ എഴുതി ഓരോ ഗ്രൂപ്പിനും നൽകുന്നു. പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ഇവയെ ക്രമീകരിക്കുവാൻ നിർദ്ദേശം നൽകുന്നു. ഓരോ ഗ്രൂപ്പും ഏറ്റവും പ്രാധാന്യം നൽകുന്ന മൂല്യം ഏതാണെന്നും എന്തുകൊണ്ട് ആ മൂല്യം തിരഞ്ഞെടുത്തു എന്നും ഗ്രൂപ്പിൽ നിന്നും ഒരാൾ വിശദീകരിക്കുന്നു.

(മൂല്യങ്ങൾ : ബഹുമാനം, ആശയവിനിമയം, വിശ്വാസം, സഹാനുഭൂതി, ഉത്തരവാദിത്വം, ടീം വർക്ക്, നന്ദിയുടെ മനോഭാവം, ക്ഷമ)

*OR*

Game 2
Passing the ball

ക്ലാസ്സിൽ കുട്ടികൾ ഒരു ബോൾ പാസ് ചെയ്യുന്നു. അധ്യാപകൻ നിശ്ചയിക്കുന്ന ഒരാൾ തിരിഞ്ഞുനിന്ന് വിസിൽ അടിക്കുന്നു. വിസിൽ ശബ്ദം മുഴങ്ങുമ്പോൾ ബോൾ ആരുടെ കൈവശം ആണോ ആ കുട്ടി എഴുന്നേറ്റ് നിന്ന് കുടുംബത്തിൽ നിന്നുള്ള ഒരു സന്തോഷകരമായ ഓർമ്മ പങ്കുവെക്കുന്നു.

**ആക്ടിവിറ്റി 1**

കുടുംബവുമായി ബന്ധപ്പെട്ട 10 വിഷയങ്ങളാണ് പുസ്തകത്തിൽ നൽകിയിരിക്കുന്നത്. കുട്ടികളുടെ അഭിപ്രായങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച ചെയ്തു പൊതുവായി അവതരിപ്പിക്കുവാൻ നിർദ്ദേശം നൽകുക. കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് വിഷയങ്ങൾ വിഭജിച്ച് നൽകാവുന്നതാണ്.

**10 വിഷയങ്ങൾ**

1. ശിഥിലമാകുന്ന കുടുംബ സംവിധാനങ്ങൾ
2. മാതാപിതാക്കൾക്ക് കുട്ടികളുടെ പരിപാലനത്തിനായി നീക്കിവയ്ക്കാൻ കഴിയുന്ന സമയം.
3. വിപണിയാകുന്ന വീട്
4. വൃദ്ധരോടുള്ള സമീപനം
5. ലിംഗ സമത്വം
6. കുടുംബ പ്രാർത്ഥനയുടെ അഭാവം
7. മാധ്യമങ്ങളുടെ അതിപ്രസരം
8. ലഹരി ഭരിക്കുന്ന ഭവനം
9. ലൈംഗിക വിദ്യാഭ്യാസം
10. കുടുംബങ്ങളിലെ മൂല്യശോഷണം

ഓരോ വിഷയത്തെയും കുറിച്ചുള്ള ഗ്രൂപ്പുകളുടെ അഭിപ്രായങ്ങളും പരിഹാരമാർഗ്ഗങ്ങളും കേട്ട ശേഷം ഒരു തുറന്ന ചർച്ചയിലേക്ക് നീങ്ങാവുന്നതും അവസാനത്തിൽ അധ്യാപകന് ആശയങ്ങൾ ക്രോഡീകരിച്ച് ഒരു നല്ല ക്രൈസ്തവ കുടുംബ രൂപീകരണത്തിനും നിലനിൽപ്പിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

**ആക്ടിവിറ്റി 2**

**Case 1**

ആക്ടിവിറ്റിക്കുശേഷം കുടുംബങ്ങൾ പങ്കുവയ്ക്കലിന്റെ വേദിയാകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉദ്ബോധിപ്പിക്കുക.

**Case 2**

രണ്ടാമത്തെ ആക്ടിവിറ്റിക്ക് ശേഷം കുടുംബ ബന്ധങ്ങളുടെ പ്രാധാന്യത്തെ പറ്റി പറഞ്ഞുകൊടുക്കുക. ഒരു കൂരയ്ക്ക് കീഴിൽ സ്വന്തം ലോകത്തിലേക്ക് ചുരുങ്ങുമ്പോൾ അകന്നു പോകുന്ന ബന്ധങ്ങളെക്കുറിച്ചും നഷ്ടമാകുന്ന സുന്ദരനിമിഷങ്ങളെകുറി

ച്ചും ബന്ധങ്ങൾ പരിപോഷിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പറഞ്ഞു കൊടുക്കുക.

**ആക്ടിവിറ്റി 3**

'ക്രൈസ്തവ കുടുംബം നല്ല ശീലങ്ങളുടെ ഉറവിടം' എന്ന വിഷയത്തെക്കുറിച്ച് കുട്ടികൾ പ്രസംഗം തയ്യാറാക്കുന്നു. ഓരോ ഗ്രൂപ്പിൽ നിന്നും ഓരോരുത്തർ പ്രസംഗം പൊതുവായി അവതരിപ്പിക്കുന്നു.

കുട്ടികളുടെ മനസ്സ് കളിമണ്ണ് പോലെയാണ് ഏത് രൂപവും അതിൽ വിരിയിക്കാം. കുടുംബങ്ങൾ എങ്ങനെ നല്ല ശീലങ്ങളുടെ അച്ചാകുന്നു എന്ന് കുട്ടികൾക്ക് പറഞ്ഞു കൊടുക്കുക.

## ക്രിസ്തീയ വീക്ഷണങ്ങൾ
## ശിഥിലമാകുന്ന കുടുംബ സംവിധാനങ്ങൾ

1. ക്രൈസ്തവ വീക്ഷണത്തിൽ വിവാഹം എന്നത് സ്ത്രീയും പുരുഷനും ഒരുമിച്ച് ജീവിക്കുന്നതിനായി നടത്തുന്ന ഒരു ഉടമ്പടി മാത്രമല്ല, വിശുദ്ധമായ ഒരു കൂദാശയുമാണ്.

* സഭ വിപുലമായ തോതിൽ എന്തായിരിക്കുന്നുവോ കുടുംബം ചെറിയതോതിൽ അതായിരിക്കുന്നു: മാനുഷിക കൂട്ടായ്മയിൽ ദൈവസ്നേഹത്തിന്റെ ഒരു പ്രതിച്ഛായ. യഥാർത്ഥത്തിൽ മറ്റുള്ളവരോടുള്ള, ദൈവം അയക്കുന്ന കുട്ടികളോടുള്ള, തുറന്ന മനസ്ഥിതിയിലും പരസ്പര സ്വീകരണത്തിലും ആതിഥ്യപരമായ ഔദാര്യത്തിലും മറ്റുള്ളവർക്കായി നിലകൊള്ളാനുള്ള മനഃസ്ഥിതിയിലും ആണ് ഓരോ വിവാഹ ജീവിതവും പൂർണതയിൽ എത്തുന്നത്. (Youcat page 155)

* 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖ പഠിപ്പിക്കുന്നു:' സൃഷ്ടാവ് സ്ഥാപിച്ചതും അവിടുത്തെ നിയമങ്ങളിൽ അധിഷ്ഠിതവുമായ വൈവാഹിക ജീവിതത്തിന്റെയും സ്നേഹത്തിന്റെയും പരസ്പര ഐക്യം അലങ്കനീയവും വ്യക്തിപരവുമായ സമ്മതത്തിൽ അഥവാ ഉടമ്പടിയിൽ സ്ഥിരീകൃതമാണ് 'GS.48.

* വിവാഹം: രക്ഷാകരവിളി–

തന്റെ സ്നേഹത്തിലും സൃഷ്ടികർമ്മത്തിലും പങ്കുചേരുവാൻ വിവാഹ ജീവിതത്തിലൂടെ സ്ത്രീ പുരുഷന്മാരെ ദൈവം വിളിക്കുന്നു. ഈ വിളി സ്വീകരിച്ച് ഉത്തമ കുടുംബജീവിതം നയിക്കു

ന്നതിലൂടെ തങ്ങളുടെ വിവാഹ ജീവിതത്തെ വിശുദ്ധീകരിക്കുവാൻ വിവാഹിതർക്ക് സാധിക്കുന്നു.

* ദൈവം യോജിപ്പിച്ച ബന്ധമാണ് വിവാഹത്തിലൂടെ രൂപം കൊള്ളുന്നത്. അതിനാൽ ക്രൈസ്തവ വിവാഹത്തിന്റെ സവിശേഷതയായി അവിഭാജ്യത നിലകൊള്ളുന്നു.
* കുടുംബത്തിൽ കുട്ടികൾ, വ്യവസ്ഥാതീതമായി സ്നേഹിക്കപ്പെടുന്നിടത്തോളം സ്നേഹിക്കാൻ പഠിക്കുന്നു. അവർ ബഹുമാനിക്കപ്പെടുന്നിടത്തോളം മറ്റുള്ളവരെ ബഹുമാനിക്കാൻ പഠിക്കുന്നു. അവരെ പൂർണ്ണമായി ശ്രദ്ധിക്കുന്ന മാതാവിൽ നിന്നും പിതാവിൽ നിന്നും ദൈവമുഖത്തെക്കുറിച്ച് ആദ്യ വെളിപാട് സ്വീകരിക്കുന്നിടത്തോളം അവർ ദൈവമുഖം അറിയുവാൻ പഠിക്കുന്നു'. (വിശ്വാസതിരുസംഘം, മെത്രാന്മാർക്കുള്ള എഴുത്ത്, മെയ് 31, 2004).
* ദൈവം തന്നെ ത്രിത്വത്തിന്റെ അഗാധതയിൽ കൂട്ടായ്മയാണ് മാനുഷിക മണ്ഡലത്തിൽ കുടുംബം കൂട്ടായ്മയുടെ പ്രാഥമിക പ്രതിച്ഛായയാണ്. ബന്ധങ്ങളിൽ ജീവിക്കുന്നതിന്റെ അനന്യമായ വിദ്യാലയമാണ് കുടുംബം. അവികലമായ ഒരു കുടുംബത്തിൽ എന്നപോലെ മറ്റൊരിടത്തും കുട്ടികൾ നന്നായി വളരുകയില്ല. അത്തരം കുടുംബത്തിൽ ഹൃദയസ്പർശകമായ വാത്സല്യം, പരസ്പര ബഹുമാനം, പരസ്പര ഉത്തരവാദിത്വം എന്നിവ അനുഭവിക്കുന്നു. അവസാനമായി വിശ്വാസവും കുടുംബത്തിൽ വളരുന്നു. കുടുംബം സൂക്ഷ്മ രൂപത്തിലുള്ള സഭയാണെന്ന്, 'ഗാർഹികസഭയാ'ണെന്ന് സഭ നമ്മോട് പറയുന്നു. അതിന്റെ പ്രകാശം, വിശ്വാസം, ശരണം, പ്രത്യാശ എന്നിവയുടെ ഈ സംസർഗ്ഗത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കണം. (യു ക്യാറ്റ് പേജ് 203) 'വിവാഹത്തിന്റെ പരിശുദ്ധി വിശുദ്ധ കുർബാനയിൽ നിന്നാണ് ഉത്ഭവിക്കുന്നത്' വിശുദ്ധ അപ്രേം

2. തിരക്കുകൾക്ക് പിന്നാലെ പായുമ്പോൾ മാതാപിതാക്കൾക്ക് കുട്ടികളുടെ പരിപാലനത്തിനായി മാറ്റിവയ്ക്കുവാൻ കഴിയുന്ന സമയം പരിമിതമാണ്.

* സ്വന്തം മക്കളെ സ്വർഗ്ഗത്തിലെത്താൻ ഉള്ള പരിശീലനം നൽകേണ്ടവരാണ് മാതാപിതാക്കൾ. മാതാപിതാക്കൾക്ക് തങ്ങളുടെ 'ക്വാളിറ്റി ടൈം' കുട്ടികൾക്ക് വേണ്ടി മാറ്റിവയ്ക്കാൻ സാധിക്കണം. ദൈവത്തിന്റെ മക്കളെ ലോകത്തിലേക്ക് കൊണ്ടുവ

രാൻ ദമ്പതികൾക്കുള്ള വിളിയാണ് വിവാഹത്തിലെ അത്ഭുതം. ദൈവത്തിന്റെ പരിപാലനയിൽ മക്കളെ ക്രിസ്തു ശിഷ്യരായി രൂപപ്പെടുത്തുന്നതിൽ ദമ്പതികൾ പങ്കാളികളാകുന്നു.

* വിശുദ്ധ ലൂയിസും വിശുദ്ധ സെലിഗ്വരിനും തങ്ങളുടെ സ്നേഹം മക്കൾക്ക് നൽകി അങ്ങനെ കുടുംബത്തിൽ മൂന്നു വിശുദ്ധരായി.
* മാതാപിതാക്കൾ വാക്കുകളിലൂടെയും മാതൃകയിലൂടെയും ദൈവത്തെക്കുറിച്ച് മക്കളെ പഠിപ്പിക്കുവാൻ വിളിക്കപ്പെട്ടവരാണ്. മറ്റുള്ളവരെ സഹായിച്ചും ക്ഷമിച്ചും എങ്ങനെ നല്ല കത്തോലിക്കാ ജീവിതം നയിക്കണമെന്ന് മക്കൾ പഠിക്കുന്ന ആദ്യത്തെ പാഠശാലയാണ് കുടുംബം.
* വഴിതെളിച്ചും വഴികാട്ടിയും അനുധാവനം ചെയ്തും ശുശ്രൂഷിച്ചും മറ്റെല്ലാ തലങ്ങളിലെയും വിശ്വാസ പരിശീലനത്തെ സമ്പുഷ്ടമാക്കുന്ന തലമാണ് കുടുംബ മതബോധനം. പൂർണ്ണ ഉത്തരവാദിത്ത ബോധവും സമ്പൂർണ്ണ അനുധാവനത്തിന് കെൽപ്പുള്ളവരുമായുള്ള സംവാദനവും സാധ്യമാക്കുന്ന വ്യക്തികൾ ഉൾപ്പെടുന്ന കുടുംബം മറ്റുള്ള മതബോധന വേദികളെക്കാളും പ്രാധാന്യമർഹിക്കുന്നു. മറ്റു തലങ്ങളിലെ മതബോധനം കുടുംബ മതബോധനവുമായി ബന്ധപ്പെട്ട് നിൽക്കുന്നു. ഉദാഹരണമായി, കുട്ടികളുടെ മതബോധനം. മക്കളെ പ്രാർത്ഥിക്കുവാനും ദൈവമക്കൾ എന്ന അവരുടെ വിളിയെ കണ്ടെത്തുവാനും പഠിപ്പിക്കേണ്ട വലിയ ദൗത്യം മാതാപിതാക്കൾക്കാണ്. (CCC 2226)

3. വീടുകളിൽ ചിലത് ഇന്ന് ഹോട്ടലാണ് തിയേറ്ററാണ് ഹോസ്റ്റൽ ആണ് ചന്തയാണ്. ലോകം ആഗോള ഗ്രാമമായി ചുരുങ്ങിയപ്പോൾ വീടുകൾ വിപണിയായി. Use and throw സംസ്കാരം കുട്ടികൾ വീട്ടിൽ നിന്നാണ് പഠിക്കുന്നത്.

4. ലിംഗ സമത്വം

* അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു (ഉത്പത്തി 1:27).
* അമ്മയുടെ ഉദരത്തിൽ രൂപപ്പെടുന്നതിനു മുൻപേ ദൈവീക പദ്ധതിയിൽ ഞാൻ ആണായി ജനിക്കണമോ പെണ്ണായി ജനി

ക്കണമോ എന്ന് ദൈവം തീരുമാനിക്കുന്നു (സങ്കീർത്തനം. 139:13, ജറമിയ 1:4).

* ആണായിരിക്കുന്ന, പെണ്ണായിരിക്കുന്ന അവസ്ഥയെ അംഗീകരിക്കുകയും ദൈവത്തിന് നന്ദി പറയുകയും പരസ്പര ബഹുമാനം ഉണ്ടായിരിക്കുകയും വേണം.
* സൃഷ്ടിയുടെ മകുടമായ മനുഷ്യൻ സ്വന്തം മഹത്വം തിരിച്ചറിഞ്ഞ് ദൈവീക ജീവനിൽ നേരിട്ട് പങ്കുചേരുവാൻ ഭാഗ്യം നൽകിയ ദൈവത്തിനു നന്ദി പറയണം. സ്ത്രീ പുരുഷനെയും പുരുഷൻ സ്ത്രീയെയും പരസ്പരം ബഹുമാനിക്കുവാനും ദൈവിക ചൈതന്യം ദർശിക്കുവാനും സാധിക്കണം.
* വ്യത്യസ്ത സ്വഭാവത്തോടും പ്രകൃതത്തോടും കൂടിയാണ് ദൈവം സ്ത്രീ പുരുഷന്മാരെ സൃഷ്ടിച്ചത്. അതേസമയം വ്യക്തികൾ എന്ന നിലയിൽ സ്ത്രീയും പുരുഷനും തുല്യരാണ്. സ്വാതന്ത്ര്യവും തീരുമാനമെടുക്കാനുള്ള കഴിവും ഉത്തരവാദിത്വബോധവും എല്ലാം ഇരുകൂട്ടർക്കും ഉണ്ട്. എന്നാൽ ശാരീരികമായി അവർ വ്യത്യസ്തരാണ്. അതിനാൽ മാനസിക ഭാവങ്ങൾക്കും വികാരങ്ങൾക്കും വ്യത്യസ്തതയുണ്ട്. ഈ വൈജാത്യം പരസ്പര വിരുദ്ധമല്ല, മറിച്ച് പരസ്പര പൂരകമാണ്. വ്യത്യസ്തത പുലർത്തുമ്പോൾ തന്നെ പരസ്പരം അറിഞ്ഞും ആദരിച്ചും പൂർണ്ണതയിലേക്ക് വളരാനാണ് സ്ത്രീ പുരുഷന്മാരെ ദൈവം സൃഷ്ടിച്ചിരിക്കുന്നത്. ദൈവിക പദ്ധതി പ്രകാരം പ്രവർത്തിക്കാൻ സ്ത്രീയും പുരുഷനും ഒരേ പോലെ പരിശ്രമിക്കണം. സ്ത്രീ പുരുഷ മഹത്വം ഉയർത്തിപ്പിടിക്കുന്ന ചിന്തയും വാക്കും പ്രവർത്തിയും വളർത്തിയെടുക്കുവാൻ ഓരോരുത്തരും ശ്രമിക്കണം.

## അഞ്ചാം ദിവസം

## കുടുംബം ഗാർഹിക സഭ

### ആക്ടിവിറ്റി 1

ഗാർഹികസഭയിലെ അംഗമെന്ന നിലയിൽ എനിക്ക് ലഭിച്ചിരിക്കുന്ന അമൂല്യനിധികൾ എന്റെ ജനനം - ഞാൻ ഈ കുടുംബത്തിലേയ്ക്ക് പിറന്നു. മാമ്മോദീസ, രോഗസൗഖ്യം പ്രവേ

ശക കൂദാശകൾ, വളർച്ചയുടെ ഘട്ടങ്ങൾ, വിദ്യാഭ്യാസം, പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മ, മാതാപിതാക്കളുടെ ജോലി, അധ്വാനിച്ച സ്നേഹിച്ച കുടുംബം, കുടുംബം - സ്നേഹം പങ്കുവയ്ക്കുന്ന തലം.

കുടുംബത്തെ താങ്ങി നിർത്തുന്ന അദൃശ്യ ശക്തികൾ - പരിശുദ്ധാത്മാവിന്റെ കൃപ, പരസ്പര വിശ്വാസം, ത്രിത്വൈക കൂട്ടായ്മ, ദൈവവചനത്തിന്റെ ശക്തി.

**ആക്ടിവിറ്റി 2**

ഓരോന്നിനും 10 സ്കോർ വീതം ആകെ 110. വർക്കിന്റെ അടിസ്ഥാനത്തിൽ നമ്മുടെ വ്യക്തിജീവിതത്തെ വിശകലനം ചെയ്യും.

**ആക്ടിവിറ്റി 3**

വിശുദ്ധരുടെ ജീവിതകഥകൾ കുട്ടികൾ ശേഖരിക്കുന്നു.

**ആക്ടിവിറ്റി 4**

പരസ്പര വിശ്വാസമില്ല, പരിഗണനയില്ല, പങ്കുവയ്ക്കുന്നതിലുള്ള അഭാവം, സോഷ്യൽ മീഡിയായുടെ അമിത ഉപയോഗം (ഏതെങ്കിലും എഴുതാം).

ഞാൻ ശ്രദ്ധിക്കേണ്ട തലങ്ങൾ

പരസ്പരം വിശ്വാസം വീണ്ടെടുക്കണം, കാത്തിരിക്കുന്ന അവസ്ഥ സംജാതമാകണം, പങ്കുവയ്ക്കുന്ന മനോഭാവം.

**ആക്ടിവിറ്റി 5**

തന്നിരിക്കുന്ന സൂചനകൾക്ക് അനുസൃതമായി പ്രസംഗം തയ്യാറാക്കുന്നു.

**ആക്ടിവിറ്റി 6**

സോഷ്യൽ മീഡിയായുടെ നിയന്ത്രണം ഉണ്ടാകണം. കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാൻ കാത്തിരിക്കണം. പ്രാർത്ഥിച്ച് കുട്ടിയെ രക്ഷിക്കാനാവണം (ഏതെങ്കിലും കുറിക്കാം).

നാളത്തെ ഗ്രൂപ്പ് വർക്കിനായി ഗ്രൂപ്പുകൾ കൊണ്ടുവരേണ്ട സാധനങ്ങൾ ഇന്ന് ഓർമ്മിപ്പിച്ചു വിടുക

ഈർക്കിൽ 20 - 50

സെല്ലോ ടേപ്പ്

പഞ്ഞി - കുറച്ച്

സ്കെച്ച് പെൻ - പലകളർ

റബർ ബാൻഡ് - കുറച്ച്
കളർ ചാർട്ട് പേപ്പർ - 2 - 3
പശ
ബലൂൺ പലകളർ - ചെറുത് 10 -20

## ആറാം ദിവസം
## ഞാൻ നിറയ്ക്കാൻ

കുടുംബത്തിലെ അനുദിന കാര്യങ്ങളിലോ വളർച്ചയ്ക്കായുള്ള അധ്വാനങ്ങളിലോ പ്രതിസന്ധികളിലോ ഒന്നും ഒരു താൽപര്യവും ഇല്ലാതെ മൊബൈലും ആയി സ്വന്തം മുറിയിൽ കയറി കതകടച്ചിരുന്ന് അതിൽ മുങ്ങിയിരിക്കുന്ന യുവത്വത്തിന് സ്വയം വിലയിരുത്തുന്നതിനുള്ള പ്രേരണയാണ് ഈ ദിവസത്തിൽ നൽകുന്നത്. ആത്മീയം : നിരന്തര പ്രാർത്ഥന, അഗാധമായ വിശ്വാസം, വിശുദ്ധ ജീവിതം, വചനബദ്ധമായ ജീവിതം, ദൈവാശ്രയത്വം, ശൂന്യവൽക്കരണം, ദൈവഹിതത്തിന് വിട്ടുകൊടുക്കൽ, ദൈവസാന്നിധ്യം നിറഞ്ഞ കുടുംബം.

**ഭൗതികം :** തീർത്തും സാധാരണ ജീവിതം, ദാരിദ്ര്യത്തിലും സന്തോഷം, അധ്വാനപൂർണമായ ജീവിതം, സഹനങ്ങളെ സ്വീകരിക്കൽ, സമ്പത്തിനുവേണ്ടി അലയാത്ത ജീവിതം, അവസാന സ്ഥാനം തിരഞ്ഞെടുക്കൽ, മാനസികം: സംതൃപ്തി, സന്തോഷം , സമാധാനം, എളിമ, മൗനം, ശാന്തത, കലഹങ്ങൾ ഇല്ല, ശുചിത്വം മിതത്വം, ലാളിത്യം, ധൈര്യം.

**സാമൂഹികം :** എല്ലാ പരസ്പരം പങ്കുവെക്കുന്നു, പരസ്പര പ്രാർത്ഥന, ആശ്വസിപ്പിക്കൽ, സ്ഥാനത്തോടുള്ള വിധേയത്വം, നിയമാനുഷ്ഠാനങ്ങൾ ഉള്ള ജീവിതം, അയൽക്കാരോടുള്ള കരുണ, എല്ലാ പ്രവർത്തിയിലും കൂട്ടായ്മ.

തിരുക്കുടുംബത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. കിട്ടുന്ന നറുക്കുകൾ ഗ്രൂപ്പിനുള്ളിൽ പറഞ്ഞ് അവയെ അതാത് കോളങ്ങളിലേക്ക് തരംതിരിച്ച് എഴുതാൻ ആവശ്യപ്പെടുക. തിരുകുടുംബത്തിന്റെ കൂടുതൽ സവിശേഷതകൾ വിവരിച്ചു നൽകുകയോ ഗ്രൂപ്പുകളെ അതിനായി ക്ഷണിക്കുകയോ ചെയ്യാം. തുടർന്നുവരുന്ന കോളങ്ങൾ ഏറ്റവും സത്യസന്ധമായി വിലയിരുത്തി പൂരിപ്പിക്കാൻ ആവശ്യപ്പെടുക. കുടുംബത്തിൽ എല്ലാ അർത്ഥത്തിലും സ്വാതന്ത്ര്യം അനുഭവിക്കുന്നവർ എന്ന നിലയിൽ അതിന്റെ ദുരുപയോഗങ്ങൾ നടത്തുന്നെങ്കിൽ അത് തിരുത്താനുള്ള ബോധ്യം കൂടി നൽ

കുക. ഇടവകകുടുംബത്തിൽ ഞാൻ നൽകുന്ന എന്റെ സജീവ സാന്നിധ്യവും ശുശ്രൂഷകളും പ്രാർത്ഥനകളും ആണ് അതിനെ ജീവനോടെ ഉണർവുള്ളതായി തുടരാൻ സഹായിക്കുന്നത് എന്ന ബോധ്യം നൽകുക. ഞാൻ അങ്ങനെയല്ലായെങ്കിൽ, എന്നെ സംബന്ധിച്ച് ഇടവകയും ഇടവകയെ സംബന്ധിച്ച് ഞാനും മരിച്ച അവസ്ഥയിലായിരിക്കും. ഈശോയ്ക്ക് എന്നെ സമീപിക്കാനുള്ള, ചേർത്ത് പിടിക്കാനുള്ള വഴിയാണ് ഇടവക ജീവിതം എന്ന ബോധ്യം നൽകുക. എവിടെയായിരുന്നാലും ഇടവകയോട് ചേർന്ന് ജീവിക്കാനുള്ള ദൃഢ നിശ്ചയവും ആഗ്രഹവും ഉള്ളിൽ നിലനിർത്തണമെന്നുള്ള ബോധ്യം ലഭിക്കണം. എട്ടാം ദിവസം നടത്തേണ്ട സമ്മാനകൈമാറ്റത്തെ കുറിച്ച് ബോധ്യപ്പെടുത്തുക. ഇന്നു മുതൽ അതിനായി തയ്യാറാകാൻ ആവശ്യപ്പെടുക. പേരൻസ് - ടീച്ചേഴ്സ് കണ്ടുമുട്ടലിനും വിലയിരുത്തലിനും പങ്കുവയ്ക്കലിനും ഇതു വേദിയാകും. നന്നായി ഓർഗനൈസ് ചെയ്താൽ ക്ലാസിനു മുഴുവനും പേരൻസിനും അതൊരു ഹൃദ്യമായ അനുഭവമായിരിക്കും.

## ഏഴാം ദിവസം

## നീയാണ് ഇമ്പം

കുട്ടികൾക്ക് എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും നൽകി, നല്ല ബന്ധം നിലനിർത്തുന്ന ഒരു കുടുംബത്തിലെ ജീവിതത്തെയും, അതേ സൗകര്യങ്ങളെല്ലാം ഉള്ളപ്പോൾ തന്നെ, കുടുംബാംഗങ്ങളുടെ സഹായമില്ലാതെ വീടിന്റെ പരിപാലനച്ചുമതലയും സ്വന്തം ഉത്തരവാദിത്വങ്ങളും സ്വയം ഏറ്റെടുക്കേണ്ടിവരികയും ചെയ്യുന്ന രണ്ട് സാഹചര്യങ്ങളിൽ, ഇവരുടെ മനോഭാവങ്ങൾ അവർ തന്നെ വിലയിരുത്താനുള്ള അവസരം നൽകുകയാണ് ഒന്നാമത്തെ ആക്ടിവിറ്റിയുടെ ഉദ്ദേശ്യം. ഇന്നത്തെ പല കുട്ടികളും ആദ്യം പറഞ്ഞ സാഹചര്യത്തിലെ ഏതാണ്ട് എല്ലാ സൗകര്യങ്ങളും അനുഭവിച്ച്, ഒട്ടും സ്വയം പര്യാപ്തരല്ലാതെ ജീവിക്കുന്ന അവസ്ഥയാണ്. അതിൽ അവർ പൂർണ്ണ സന്തോഷം കണ്ടെത്തുകയും തനിച്ച് എല്ലാം ചെയ്യേണ്ടിവരുമ്പോൾ ഡിപ്രഷൻ അടിക്കുകയും ചെയ്യുന്നതായാണ് കണ്ടെത്തുന്നത് എങ്കിൽ, അവർവഴി, അവർക്കോ കുടുംബത്തിനും ഇടവകയ്ക്കോ സമൂഹത്തിനോ നന്മകൾ ഒന്നും തന്നെ ലഭിക്കാൻ സാധ്യതയില്ല എന്നതാണ് വിശകലനത്തിൽ ലഭിക്കുന്ന ഉത്തരം. ഇത്തിൾക്കണ്ണി പോലെ മറ്റുള്ളവരെ ആശ്രയിച്ചു ജീവി

ക്കുന്ന സുഖലോലുപതയാണ് ഇത്തരക്കാരെ നയിക്കുന്നത് എന്ന് മനസ്സിലാക്കി കൊടുക്കുക. ഇങ്ങനെയുള്ളവർ കുറെക്കാലം ഭൂമിയിൽ അല്ലലില്ലാതെ ജീവിക്കാൻ ശ്രമിച്ചേക്കാം. എന്നാൽ ദീർഘനാളത്തേക്ക് അത് പറ്റില്ല. മാത്രമല്ല ഭൂമിയിലെ ജീവിതം ഏറ്റവും മനോഹരമാക്കാൻ വേണ്ടി നൽകപ്പെട്ട താലന്തുകൾ കുഴിച്ചുമൂടിയവർക്ക്, നിത്യജീവനിലും അവകാശം ഉണ്ടാവുകയില്ല. അങ്ങനെ ഈ ലോകത്തിലും പരലോകത്തിലും പരാജയപ്പെട്ട് പോകുന്ന ഒരു ജീവിതം നയിക്കാൻ ആണോ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത് എന്നും ഇത്രയേറെ നന്മകൾ ആണ് നൽകപ്പെട്ടിരിക്കുന്നത് എന്നും അവരുടെ ഉള്ളിൽ ചോദ്യം ഉയരണം.

കുടുംബത്തിലുള്ള മാതാപിതാക്കളും സഹോദരങ്ങളും സർവ്വാത്മനാ പിന്തുണയ്ക്കുന്നത്കൊണ്ട് മാത്രമാണ് ഇപ്പോഴത്തെ ഈ ജീവിതം ഇങ്ങനെയെങ്കിലും നയിക്കാൻ സാധിക്കുന്നത് എന്ന് ബോധ്യം നൽകി അതിനുള്ള നന്ദിയായും അവനവന്റ വീഴ്ചകൾക്കുള്ള മാപ്പിരക്കൽ ആയും കത്തിനെ രൂപപ്പെടുത്താൻ കഴിയണം. ഈ കത്ത് ഇന്ന് വൈകിട്ട് പ്രാർത്ഥനയ്ക്ക് ശേഷം കുടുംബാംഗങ്ങൾ എല്ലാവരും ഉള്ളപ്പോൾ അവരുടെ മുൻപിൽ വായിക്കുകയും അവരോട് പങ്കുവയ്ക്കൽ നടത്താൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നല്കുക.

കുടുംബത്തിന്റെ വിജയഘടകങ്ങൾ ചർച്ച ചെയ്ത് ഉത്തരങ്ങൾ രൂപപ്പെടുത്തുമ്പോൾ, തീർത്തും ഭൗതികമായവ മാത്രമാണ് അവർ ഫോക്കസ് ചെയ്യുന്നതെങ്കിൽ - ഉദാ: ധനം സൗകര്യങ്ങൾ, ജോലി *etc.* ഇനി ഒരിക്കലും മറക്കില്ലാത്ത വിധത്തിൽ ദൈവിക ഘടകങ്ങൾ അവരുടെ മനസ്സിൽ ഉറപ്പിക്കുന്നതിന് വേണ്ട അവസരങ്ങളും ഉദ്ബോധനങ്ങളും നൽകണം. എന്തുകൊണ്ടാണ് അവർ ഭൗതിക ഘടകങ്ങളിലേക്ക് ഇത്ര പ്രാധാന്യത്തോടെ എത്തിയത് എന്നതിന് വിശദീകരണം ചോദിക്കുമ്പോൾ അവർ നൽകുന്ന ഉത്തരങ്ങളിൽ നിന്ന് ദൈവത്തിനും വിശ്വാസത്തിനും മതാത്മക ജീവിതത്തിനും അവർ പരിഗണന നൽകിയിട്ടുണ്ടോ എന്നത് തെളിയും. അതിനനുസരിച്ച് വിശ്വാസത്തിൽ ഒരിക്കൽ കൂടി അവരെ ഉറപ്പിക്കാൻ ആവശ്യമായ മാർഗങ്ങൾ സ്വീകരിക്കുക.

**ആക്ടിവിറ്റി 3**

ഉത്പത്തി 22: 1 - 19

ഉത്പത്തി 43, 44, 45

ന്യായാ 11 : 4 - 40

2 മക്ക 7: 1-41

ഗ്രൂപ്പ് ലീഡർമാരെ വിളിച്ച് നറുക്കിട്ട് ഭാഗങ്ങൾ നൽകാവുന്നതാണ്. അതിരൂപതാകുടുംബത്തെ പ്രതീകാത്മകമായി ചിത്രീകരിക്കാൻ അവരുടെ കൈയ്യിലുള്ള സാധനങ്ങൾ ഉപയോഗിക്കാം/ നോട്ട്ബുക്കിൽ ചെയ്യാം. വ്യക്തിപരമായി ചെയ്യുന്നതിനാണ് മുൻഗണന. അതിരൂപതാകുടുംബത്തിന് നൽകിയ ശുശ്രൂഷകളിൽ പെട്ടതാണ് സംഘടനാ പ്രവർത്തനങ്ങളും (യഥാർത്ഥ ചൈതന്യത്തിലുള്ളവ) സന്ദർശനങ്ങളും, പ്രാർത്ഥനകളും, അതിരൂപത നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുള്ള സഭാത്മക ജീവിതവും ഒക്കെ. യഥാർത്ഥ ക്രിസ്തീയ ചൈതന്യം പുലർത്തുന്ന, ഈശോ ആഗ്രഹിക്കുന്നതുപോലുള്ള ഒരു വിശ്വാസ ജീവിതമാണ് ഏറ്റവും വലിയ സഹായം. കുടുംബങ്ങളിലെ ബന്ധങ്ങളുടെ വരൾച്ചയും കൃത്രിമത്വവും മാറ്റിയെടുക്കാൻ തന്നിരിക്കുന്ന ഹോംവർക്ക് പ്രാധാന്യത്തോടെ ആത്മാർത്ഥമായി ചെയ്യാൻ അവരെ പ്രേരിപ്പിക്കുക.

## <u>എട്ടാം ദിവസം</u>

## പെരുവെള്ളം, വൻമഴ, കൊടുങ്കാറ്റ്... വീണില്ല

ഇന്നാണ് കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള സമ്മാന കൈമാറ്റത്തിന് സമയം ഒരുക്കിയിരിക്കുന്നത്. നിർബന്ധമായും ഈ ഒരു പ്രോഗ്രാം എല്ലാ ക്ലാസുകളിലും ചെയ്യാൻ ശ്രമിക്കുക. അവിസ്മരണീയവും ഹൃദ്യവുമായ ഒരു അനുഭവമാക്കി മാറ്റാനുള്ള തയ്യാറെടുപ്പുകൾ നടത്തുക ക്ലാസിന്റെ സമയം അതിനനുസരിച്ച് ക്രമീകരിക്കുക. വേണമെങ്കിൽ അവർക്കും പേരൻസിനും ചേർത്ത് ഉച്ചയ്ക്ക് ശേഷം ബോധനക്ലാസുകളോ മറ്റോ അറേഞ്ച് ചെയ്യാവുന്നതാണ്.

സമ്പത്തും സൗകര്യങ്ങളും ആഡംബരങ്ങളും ഉള്ള ഒരു കുടുംബം മാത്രമാണ് നല്ല കുടുംബം, വിജയിച്ച കുടുംബം എന്ന ധാരണ സമൂഹത്തിൽ വേരൂന്നിയിട്ടുണ്ട്. കുട്ടികളുടെ മനസ്സിലും അത് സ്വാധീനം ചെലുത്തുന്നു. ദരിദ്രരായ കുട്ടികളെ ഒപ്പം കൂട്ടാതെ, സൗഹൃദം പങ്കിടാതെ വളരുന്ന കുട്ടികളെ, അങ്ങനെ ആക്കുന്നതിൽ ഈ ധാരണക്ക് ഒരു വലിയ പങ്കുണ്ട്. നവമാധ്യമങ്ങളി

ലൂടെ കിട്ടുന്ന ചിന്തയും അതുതന്നെ. ക്രിസ്തീയ വിശ്വാസവീക്ഷ ണത്തിൽ ദൈവസാന്നിധ്യമുള്ള ഒരു കുടുംബത്തിന് വിജയി ക്കാൻ വേണ്ടത് എന്തെന്ന് കുട്ടിയുടെ തന്നെ ചിന്തയിൽനിന്ന് കണ്ടെത്തുകയാണ് ആക്ടിവിറ്റി ഒന്ന്.

മാതാപിതാക്കൾ നേടിയെടുക്കുന്ന ഭൗതിക സമ്പത്ത് ഒരു നിമിഷം കൊണ്ട് ഇല്ലാതെയാകാം. എന്റെ മാതാപിതാക്കൾ എനി ക്കുവേണ്ടി നേടിയിരിക്കുന്ന സ്വത്ത് നശ്വര സ്വഭാവമുള്ളതാണ്. അതിൽ ആശ്രയിച്ചു ജീവിച്ച് ജീവിതം ആഘോഷിച്ചു തീർക്കുന്നത് ഒരു വിശ്വാസിയിൽനിന്ന് ദൈവം ആഗ്രഹിക്കുന്നതല്ല. ഉത്തരങ്ങൾ എല്ലാം, വ്യക്തിപരമായി കുട്ടികൾ കണ്ടെത്തേണ്ടതാണ്. സ്ഥി രമായി വർദ്ധിപ്പിച്ച് അനുഭവിക്കാൻ പറ്റുന്ന സ്വത്തുക്കൾക്ക് വിശ്വാ സത്തിൽ അധിഷ്ഠിതമായ ഉദാഹരണങ്ങൾ സ്നേഹം, സമാധാനം, മൂല്യങ്ങൾ, വിശുദ്ധി, അധ്വാനശീലം, ഉത്സാഹം, നല്ല ബന്ധങ്ങൾ, ലാളിത്യം, മിതത്വം, ശുചിത്വം ഇവയൊക്കെയാണ്. ആക്ടിവിറ്റി ഒന്നിന്റെ രണ്ടാം കോളത്തിൽ അവർ എഴുതേണ്ടത് ഒന്നാം കോ ളത്തിൽ കണ്ടെത്തിയ സ്വത്തുക്കൾ വർദ്ധിപ്പിക്കാൻ അല്ലെങ്കിൽ നഷ്ടപ്പെടുത്താൻ കാരണമാകുന്ന അവരുടെ ജീവിതശൈലിയാ ണ്.

**ഉദാഹരണം :** നഷ്ടപ്പെടുത്തുന്ന ശൈലി:- മീഡിയയും ഞാനും മാത്രം ഇഴുകിച്ചേർന്നുള്ള ജീവിതം.

**വർദ്ധിപ്പിക്കുന്ന ശൈലി : -** എല്ലാം എന്റെ പേരൻസുമായി ഷെയർ ചെയ്യുന്ന സ്വഭാവം

നല്ല വ്യക്തിത്വത്തിന് തടസ്സമായ കാരണങ്ങൾ അവർ തന്നെ യാണ് കണ്ടെത്തേണ്ടത്. താൻ നല്ലതാണെന്നും ഒന്നും തിരുത്താൻ ഇല്ലെന്നുമുള്ള ചിന്ത, അലസത, എന്നിൽ തന്നെ സ്വയം മതിപ്പ് സൃഷ്ടിച്ച് മറ്റുള്ളവരുടെ മാതൃകയും ഉപദേശവും ആവശ്യമില്ലെ ന്നുള്ള ചിന്ത, ലോകത്തിന്റെ ട്രെൻഡിന് അനുസരിച്ചുള്ള ജീവിതം 'നല്ലതി'നോട് (ദൈവികമായതിനോട്) ചേർന്ന് നിൽക്കാത്ത ജീ വിതം.

പരിഹാരമാർഗ്ഗങ്ങൾ കാരണങ്ങൾക്ക് വിപരീതമായവ തന്നെ യാണല്ലോ. ഗ്രൂപ്പ് ചർച്ചകൾ അധ്യാപകന്റെ നിയന്ത്രണത്തിൽ ആയിരിക്കണം. വിഷയത്തിന് പകരം അവർക്ക് താല്പര്യമുള്ളവ

സംസാരിച്ചു സമയം കളയുന്ന രീതി നിരുത്സാഹപ്പെടുത്തേണ്ടതാണ്. മികച്ച ചർച്ച നയിച്ച ഗ്രൂപ്പിന് സ്കോർ ബോണസ്സായി നൽകാം. മാതാപിതാക്കൾ, അവരുടെ പൂർവികർ ഇവരുടെയെല്ലാം കഷ്ടപ്പാടിന്റെ ഫലമാണ് ഇവയൊക്കെ എന്നും അവയിലൂടെ എല്ലാം നൽകിയ ദൈവീക പരിപാലനയെ തിരിച്ചറിയണമെന്നും ഉള്ള ഉറച്ച ബോധ്യത്തിൽ എത്താൻ ഈ ചർച്ച സഹായിക്കണം

ആക്ടിവിറ്റി രണ്ടിൽ സഹോദരൻ / സഹോദരി ഇവർ ഒരുപക്ഷേ നിങ്ങളുടെ മാതാപിതാക്കൾക്ക് ചെറിയ സഹായങ്ങളും സ്നേഹവും ഒക്കെ നൽകുന്നുണ്ടാകണം. നിങ്ങളിൽ നിന്ന് ഇവ ലഭിക്കുന്നില്ലെങ്കിൽ നിങ്ങളുടെ റോൾ കൂടി അവർ ചെയ്ത് നിങ്ങളുടെ കുറവ് പരിഹരിക്കുകയാണ്. അങ്ങനെ അവർ നിങ്ങളെ സഹായിക്കുന്നു. തുടർന്ന് വരുന്ന ഖണ്ഡിക വായിച്ച് വിശദീകരിച്ച ശേഷം, കുട്ടികളെ ശാന്തമായ ഒരു സമയത്തിലേക്ക് പ്രവേശിപ്പിക്കുക. ആദ്യമേ തന്നെ കണ്ണുകളടച്ച് ഏകാഗ്രതയിലേക്ക് വരണമെന്ന് പറഞ്ഞാൽ അനുസരിച്ചു എന്നു വരില്ല. പകരം ഇന്ന് പല കുടുംബങ്ങളിലും നിലനിൽക്കുന്ന ഇത്തരം അവസ്ഥകളെ ഹൃദയസ്പർശിയായി അവതരിപ്പിച്ചശേഷം, നിവർന്നിരുന്ന് കണ്ണുകൾ അടച്ച് ശ്വാസം ശ്രദ്ധിച്ച് ആന്തരിക - ബാഹ്യ നിശബ്ദതയിലേക്ക് കടന്നു വന്ന്, സ്വന്തം കുടുംബത്തെ ഒന്ന് വിലയിരുത്താൻ ആവശ്യപ്പെടുക. ഏതാനും മിനിറ്റുകൾ അങ്ങനെ നൽകിയശേഷം ഗ്രൂപ്പ് ചർച്ചയ്ക്ക് സമയം നൽകുക. സത്യസന്ധമായി ഷെയർ ചെയ്യുന്നതിന് ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർക്ക് അവസരം നൽകാവുന്നതാണ്. തുടർന്നുവരുന്ന ഭാഗത്ത്... ഒരു മനുഷ്യനിൽ നന്മകൾ നിറയാൻ എന്നതിനെക്കുറിച്ച് അപ്പോൾ വിശ്വാസികൾ അല്ലാത്തവർക്ക് ഇത് സാധിക്കില്ലേ എന്ന ചോദ്യം ഉയർന്നേക്കാം. എല്ലാവരെയും ഈശോയുമായുള്ള ഫ്രണ്ട്ഷിപ്പിൽ എത്തിക്കുക എന്നത് നാം ചെയ്യേണ്ട ഗൗരവമുള്ള കടമയായി ദൈവം ഏൽപ്പിച്ചു തന്നിരിക്കുന്നു എന്ന് ഓർമ്മപ്പെടുത്തുക. ഈശോ ഏക രക്ഷകനാണ് എന്നുള്ള സത്യവും ഇവിടെ ഉറപ്പിച്ച് പ്രഖ്യാപിക്കാവുന്നതാണ്. ഈശോയ്ക്ക് സ്ഥാനം ഇല്ലാത്ത മേഖലകൾ ഈ കുട്ടിയുടെ ജീവിതത്തിൽ ഏവയെന്ന് അവരെ കൊണ്ട് തന്നെ കണ്ടെത്തിക്കുക.

**തിരുസഭയുടെ സഹായക മാർഗ്ഗങ്ങൾ :** പ്രഥമമായി, ഉറച്ച ഒരു കൂട്ടായ്മ സംവിധാനം - ഇടവക, രൂപത തിരുസഭാകൂട്ടായ്മകൾ ഇവ ചേർന്ന ഉറച്ച സംവിധാനം - നമുക്കുണ്ട്. അതിൽ ചേർന്ന്

നിന്ന് ആര് സജീവമായി വിശ്വാസ ജീവിതം നയിക്കുന്നുവോ - സ്വാർത്ഥ ലാഭങ്ങളും പേരും പ്രശംസയും ഒന്നും ലക്ഷ്യമാക്കാതെ - ചേർന്നുനിൽക്കുന്നുവോ അവർക്ക് മുന്തിരിച്ചെടിയുടെ ജീവരസം രുചിക്കുന്ന ശാഖയുടെ അനുഭവം ലഭിക്കും.

**ആത്മീയ നേതൃത്വം :** സങ്കടങ്ങളിലും സഹനങ്ങളിലും തെറ്റിലും വീഴ്ചയിലും ഒക്കെ ഉൾപ്പെടുമ്പോൾ സഹായം ലഭിക്കാനും മാർഗം പുതുതാക്കാനും നമുക്ക് ധാരാളം വാതിലുകൾ തുറന്നു കിടപ്പുണ്ട്. കൃപാവരം ഒഴുക്കിത്തരുന്ന കൂദാശകൾ.

തിരുവചനം ശ്രവിക്കാനും ഗ്രഹിക്കാനും ധ്യാനിക്കാനും അങ്ങനെ കൃപയിൽ നിലനിൽക്കാനും മാർഗങ്ങളുണ്ട്. വ്യക്തിത്വ വികാസത്തിനും മൂല്യവളർച്ചയ്ക്കും പുണ്യത്തിലുള്ള വർദ്ധനവിനും സഹായിക്കുന്ന സംഘടനകൾ, ഉദ്ബോധനങ്ങൾ *etc.* ജനനം മുതൽ മരണം വരെ അനുഗമിക്കുന്ന ആത്മീയ സഹായങ്ങളും അനുഗ്രഹങ്ങളും. മരണം കഴിഞ്ഞാലും നിത്യതയിലേക്ക് എത്തും വരെ നമ്മളെ സഹായിക്കുന്ന പ്രാർത്ഥനാ കൂട്ടായ്മകൾ. സഭയുടെ സ്ഥാപനങ്ങളിലെ മൂല്യബോധമുള്ള പരിശീലനങ്ങളും സംസ്കാരവും. ഇതിലെല്ലാം വളരെ പ്രധാനമായി, സത്യമായും സജീവമായും നമ്മോടൊപ്പമുള്ള ത്രിയേക ദൈവ സാന്നിധ്യം. പ്രതീകാത്മകമായി അവതരിപ്പിക്കാൻ ആവശ്യപ്പെടുമ്പോൾ ഇത്തരം കാര്യങ്ങളെക്കുറിച്ച് ചെറിയ സൂചനകൾ നൽകാം. അവതരണ മാർഗങ്ങൾ അവർ നിശ്ചയിക്കട്ടെ. അവരുടെ സങ്കല്പത്തിൽ ഉള്ള കുടുംബത്തെക്കുറിച്ച് എഴുതാൻ ആവശ്യപ്പെടുമ്പോൾ അതും കളി തമാശയിലേക്ക് വിടാതെ ഈശോയോട് ചേർന്ന് നിന്ന് ഒരു നിമിഷം വിശകലനം ചെയ്യാൻ ആവശ്യപ്പെടുക. ഈശോയാണെങ്കിൽ ഇവയെ ഓരോന്നിനെയും കുറിച്ച് എന്ത് അഭിപ്രായം പറയും എന്നും കണ്ടെത്തി ക്രിസ്തീയ വീക്ഷണത്തിനും വിശ്വാസത്തിനും അനുസരിച്ചുള്ള ഒരു ആശയത്തിലേക്ക് എത്താൻ പ്രേരിപ്പിക്കുക. അത്തരത്തിലുള്ള സങ്കല്പങ്ങൾ പൂർത്തീകരിക്കാനുള്ള അനുഗ്രഹത്തിനായി നിശബ്ദരായി പ്രാർത്ഥിക്കാൻ ഏതാനും നിമിഷം നൽകാം. ആക്റ്റിവിറ്റി 4ന്റെ ഉത്തരം പ്രത്യേകം പേപ്പറിൽ എഴുതി നൽകുന്നു. ആക്റ്റിവിറ്റി 5ന് പൊതു അവതരണത്തെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ്. തുടർന്ന് നടക്കാൻ പോകുന്ന സമ്മാന കൈമാറ്റം വെറുമൊരു ചടങ്ങായി മാറാതെ ഏറ്റവും ഹൃദ്യവും

എന്നും ഓർമ്മയിൽ നിലനിൽക്കുന്നതുമായി നടത്താൻ പരമാവധി ശ്രമിക്കുക. ഈശോയോട് ചേർന്ന് ജീവിക്കുന്ന കുടുംബം പാറമേൽ പണിത ഭവനമാണ്. ആഞ്ഞടിച്ച പ്രതിസന്ധികളൊന്നും അതിനെ തകർക്കാൻ പര്യാപ്തമായിരുന്നില്ല. ഇതാണ് പാഠത്തിന്റെ Heading സൂചിപ്പിക്കുന്നത്.

സന്ദേശനിലയം
ചങ്ങനാശ്ശേരി